(ബി) ഇവയുടെ പരിപാലനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(സി) വൃക്ഷത്തൈകൾ നട്ടതിനുശേഷം എന്തെങ്കിലും തുടർനടപടികൾ വനം വകുപ്പിൽ നിന്നും ഉണ്ടായിട്ടുണ്ടോ ;

(ഡി) ഇവയിൽ എത്ര വൃക്ഷത്തൈകൾ ഇപ്പോൾ ഉണ്ടെന്നുള്ളതിന്റെ എന്തെങ്കിലും കണക്കെടുപ്പ് പിന്നീട് നടന്നിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇത്തരം കർമ്മ പരിപാടികൾ പരാജയപ്പെടാതിരിക്കാൻ ഇപ്പോൾ എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2003 ഹരിതോത്സവം പരിപാടി ഇതുവരെ തുടങ്ങിയിട്ടില്ല. എന്നാൽ ഇതിന്റെ ഭാഗമായി റോഡ് സൈഡിൽ നടുന്നതിനായി ഓരോ ഡിവിഷനിലും 2500 വലിയ തൈകളും ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിങ്ങിന് 25000 തൈകളും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഈ വർഷം ജൂലായ് മാസത്തിലാണ് ഹരിതോത്സവം പരിപാടി നടത്താൻ ഉദ്ദേശിക്കുന്നത്.

(ബി) സ്പോൺസർഷിപ്പിലൂടെ ട്രീഗാർഡുകൾ ലഭ്യമാക്കാനും സന്നദ്ധ സംഘടനകളിലൂടെ പരിചരണം ഉറപ്പാക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി&ഡി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഇ) 2003 വർഷത്തിൽ വലിയ തൈകളാണ് നടാൻ തീരുമാനിച്ചിട്ടുള്ളത്. പൊതുജനങ്ങളുടേയും പൊതുസ്ഥാപനങ്ങളുടേയും വ്യാപാരികളുടേയും സഹകരണത്തോടുകൂടി ട്രീഗാർഡുകൾ സംഭാവന ചെയ്യുന്ന മുറയ്ക്ക് ഓരോ ജില്ലയിലും ഏറ്റവും കുറഞ്ഞത് 1500 തൈകൾ റോഡരികിൽ അവരുടെ പങ്കാളിത്തത്തോടെ നടുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം നടുന്ന തൈകളുടെ തുടർ പരിചരണത്തിനായി നാഷണൽ സർവ്വീസ് സ്കീം, പ്രാദേശിക സന്നദ്ധ സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ച് നടപടി കൈക്കൊള്ളുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

വനോൽപ്പന്നങ്ങൾ കളവ് പോയതിന് വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

117 (1916) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ഒലവക്കോട് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ നിന്നും ഓഫീസിന്റെ സ്ട്രോംഗ് റൂമിൽ സൂക്ഷിച്ചിരുന്ന കോടിക്കണക്കിന് രൂപ വിലവരുന്ന ചന്ദനതൈലം, ആനക്കൊമ്പ് മുതലായവ മോഷണം പോയത് സംബന്ധിച്ച കേസിൻമേലുള്ള അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിരവധി ഗാർഡുമാർ ആയുധങ്ങളുമായി കാവൽ നിൽക്കുന്ന കെട്ടിടത്തിൽ നിന്നും ഗ്യാസ് കട്ടറും മറ്റും ഉപയോഗിച്ച് നടത്തിയ മോഷണത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പങ്ക് എന്താണെന്ന് സർക്കാർ തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) തൊണ്ടിയായി പിടിച്ചെടുത്തതും നാഷണൽ പെർമിറ്റ് ലൈസൻസ് ഉള്ളതുമായ ലോറിയിലാണ് മോഷണ വസ്തുക്കൾ കടത്തിയതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മോഷണം നടന്ന ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്നവരുടേയും മറ്റ് ഉത്തരവാദികളുടേയും പേരിൽ എന്തെങ്കിലും ശിക്ഷണ നടപടികൾ സ്വീകരിക്കപ്പെട്ടിരിക്കാമോ ;

(ഇ) ഇവരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിരുന്നോ, ആരെയെല്ലാം സസ്പെന്റ് ചെയ്തിരുന്നു, സസ്പെന്റ് ചെയ്തവരിൽ ആരെയെങ്കിലും സർവ്വീസിൽ തിരികെ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെയെല്ലാം ;

(എഫ്) ഉദ്യോഗസ്ഥരുടെ അലംഭാവംമൂലം സംസ്ഥാന സർക്കാർ ഖജനാവിനുണ്ടായ നഷ്ടം അവരിൽ നിന്നും ഈടാക്കുന്നതിനെക്കുറിച്ച് സർക്കാരിന്റെ നിലപാടെന്താണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇതിനെ സംബന്ധിച്ച് ഫോറസ്റ്റ് വിജിലൻസ് വിഭാഗം പ്രാഥമിക അന്വേഷണം നടത്തി സർക്കാരിന് പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് ഈ കേസിന്റെ വിശദമായ അന്വേഷണം, പോലീസ് ക്രൈം ബ്രാഞ്ച്, ക്രൈം നമ്പർ 431/2002 ആയി നടത്തി വന്നിരുന്നു. ക്രൈം ബ്രാഞ്ച് പോലീസ് അന്വേഷണം തൃപ്തികരമല്ലാത്തിനാൽ കേസ് സി.ബി.ഐ-യ്ക്ക് കൈമാറിയിരിക്കുകയാണ്.

(ബി) വനം വകുപ്പ് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ പന്ത്രണ്ട് വനം വകുപ്പ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. വിശദമായ അന്വേഷണത്തിനായി സർക്കാർ സി. ബി. ഐ-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(സി) ഇല്ല.

406/12

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വനം വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ പന്ത്രണ്ട് വനം വകുപ്പ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) താഴെപ്പറയുന്ന ഉദ്യോഗസ്ഥരെയാണ് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളത്.

1. ശ്രീ. എ. എം. ബാബു, ഫോറസ്റ്റ് റെയിഞ്ചർ, ഡി. എഫ്. ഒ. പാലക്കാട്.
2. ശ്രീ. എ. എം. ഷുക്കൂർ, ഫ്ളൈയിംഗ് സ്കാഡ് ഡി. എഫ്. ഒ. പാലക്കാട്.
3. ശ്രീ. കെ. എ. അബ്ദുൾ റഹ്മാൻ, റെയ്ഞ്ച് ആഫീസർ, ഒലവക്കോട്.
4. ശ്രീ. എസ്. ഉണ്ണികൃഷ്ണൻ, റെയ്ഞ്ച് ഓഫീസർ, കൊല്ലംകോട്.
5. ശ്രീ. എൻ. ആർ. റാംമോഹൻ, റെയ്ഞ്ച് ഓഫീസർ, വാളയാർ.
6. ശ്രീ. സി. ടി. വേണു, മുൻ റെയ്ഞ്ച് ഓഫീസർ, കൊല്ലംകോട്
7. ശ്രീ. എം. അബ്ദുൾ സലാം, മുൻ റെയ്ഞ്ച് ഓഫീസർ, കൊല്ലംകോട്.
8. ശ്രീ. പി. വി. മാധവൻ, സെക്ഷൻ ഫോറസ്റ്റർ, ഒലവക്കോട് ടൗൺ.
9. ശ്രീ. പി. എം. വേലായുധൻ, സെക്ഷൻ ഫോറസ്റ്റർ.
10. ശ്രീ. പി. കെ. നിജി, ഫോറസ്റ്റ് ഗാർഡ്.
11. ശ്രീ. പി. ജയപ്രകാശ്, റെയ്ഞ്ച് ഓഫീസർ, ഫ്ളൈയിംഗ് സ്കാഡ്.
12. ശ്രീ. കെ. സുരേന്ദ്രനാഥ്, റെയ്ഞ്ച് ഓഫീസർ, ഫ്ളൈയിംഗ് സ്കാഡ്.

ഇവരിൽ ആരെയും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചില്ല.

(എഫ്) കേസന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

വനോല്പന്നങ്ങൾ മോഷണംപോയത് സംബന്ധിച്ച കേസന്വേഷണം

118 (1917) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒലവക്കോട് ഫോറസ്റ്റ് സ്ട്രോംഗ്റൂമിൽ നിന്ന് ചന്ദനവും ചന്ദനതൈലവും ആനക്കൊമ്പും മറ്റും മോഷണം പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ എന്നാണ് മോഷണം പോയതെന്ന് പറയാമോ ; എത്ര കോടിയുടെ വസ്തുക്കളാണ് ഇതിനാൽ മോഷ്ടിക്കപ്പെട്ടത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മോഷണം സംബന്ധിച്ച കേസിന്റെ അന്വേഷണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് ; ഈ കേസന്വേഷണം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly